കണ്ണൂർ സർവ്വകലാശാല
KANNUR UNIVERSITY
Accredited By NAAC with 'B++' Grade
Website : www.kannuruniversity.ac.in

കണ്ണൂർ സർവ്വകലാശാല

(അക്കാദമിക് വിഭാഗം)

Acad.A3/394/MISAC/2021-22 19.02.2025

**പ്രസിദ്ധീകരണത്തിന്**

കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്ട്സ് & സയൻസ് കോളേജുകളിൽ, 2025-2026 അദ്ധ്യയനവർഷത്തിലെ ബിരുദ- ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ സീറ്റുകളുടെ എണ്ണത്തിൽ "മാർജിനൽ ഇൻക്രീസ്" (അഫിലിയേഷൻ ഉത്തരവിൽ അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം 2025-26 വർഷത്തേക്ക് താൽക്കാലികമായി വർദ്ധിപ്പിക്കുന്നത്) ആവശ്യമുള്ള കോളേജുകൾ, ഇതിനായുള്ള അപേക്ഷ, പ്രിൻസിപ്പാൾ മുഖാന്തിരം, **2025 മാർച്ച് 13-ന് 5 മണിക്ക്** മുമ്പായി സർവ്വകലാശാലയിൽ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. കോഴ്സുകൾ ആരംഭിച്ച് മൂന്ന് വർഷം പൂർത്തിയായ ബിരുദ പ്രോഗ്രാമുകൾക്കും, രണ്ട് വർഷം പൂർത്തിയായ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കും മാത്രം (സ്റ്റെബിലൈസ് ചെയ്ത കോഴ്സുകൾ), കോളേജുകൾക്ക് നൽകിയ 19-2-2025 തീയതിയിലെ സർവകലാശാല സർക്കുലർ പ്രകാരം അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

എയ്ഡഡ് / അൺ-എയ്ഡഡ് കോളേജുകൾ, കോഴ്സ് ഒന്നിന് ₹ 5250/- (അയ്യായിരത്തി ഇരുന്നൂറ്റമ്പത് രൂപ) വീതം, 'ഫിനാൻസ് ഓഫീസർ, കണ്ണൂർ യൂണിവേഴ്സിറ്റി'-എന്ന പേരിൽ (കണ്ണൂരിൽ മാറാവുന്ന) ഡിമാൻഡ് ഡ്രാഫ്റ്റായോ ,ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ (Finance Officer Kannur University, A/C No.57015176715 SBI, South Bazar, Kannur, IFSC: SBIN0008551) ഫീസടച്ച് അപേക്ഷിക്കേണ്ടതാണ്. ഗവൺമെൻറ്, IHRD കോളേജുകൾ പ്രസ്തുത ഫീസ് അടക്കേണ്ടതില്ല.

DEPUTY REGISTRAR (ACADEMIC)

സ്വീകർത്താവ്

1. പി.ആർ.ഒ (എല്ലാ പത്രങ്ങളിലും പത്രക്കുറിപ്പ് പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
2. വെബ് മാനേജർ
3. അന്വേഷണ വിഭാഗം

താവക്കര, സിവിൽ സ്റ്റേഷൻ പി.ഒ., കണ്ണൂർ 670 002 Thavakkara, Civil Station P.O., Kannur 670 002, Kerala, India
Phone :0497 -2715331 E-mail: registrar@kannuruniv.ac.in